പോലീസ് വകുപ്പിന് ഇന്ധനം വാങ്ങുന്നതിന് അനുവദിച്ച തുക

117 (1052) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിന് ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഇന്ധനം വാങ്ങുന്നതിന് ഓരോ വർഷവും അനുവദിച്ച തുക എത്ര വീതമാണ് ;

(ബി) ഇപ്പോൾ ലോക്കൽ പോലീസ് സ്റ്റേഷനുകൾക്ക് പ്രതിമാസം എത്ര ലിറ്റർ ഇന്ധനത്തിനുള്ള തുകയാണ് അനുവദിക്കുന്നത് ;

(സി) 31-1-2001-ലെ കണക്ക് പ്രകാരം പോലീസ് വകുപ്പിന് ഇന്ധനം നൽകിയ വകയിൽ പെട്രോൾ ബങ്കുകൾക്ക് കൊടുക്കുവാനുള്ള തുക എത്രയാണ് ;

(ഡി) ഇതിൽ കുടിശ്ശിക തുക എത്രവരുമെന്ന് പറയുമോ ; എന്ന് മുതലുള്ളതാണ് ഈ കുടിശ്ശിക എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് വകുപ്പിന് ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം ഇന്ധനം വാങ്ങുന്നതിന് ഓരോ വർഷവും അനുവദിച്ച തുക താഴെ ചേർത്തിരിക്കുന്നു.

1996 - 97	4,79,70,000 രൂപ
1997 - 98	4,05,08,000 രൂപ
1998 - 99	4,45,59,000 രൂപ
1999 - 2000	4,45,59,000 രൂപ
2000 - 2001	4,86,59,000 രൂപ

(ബി) ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ക്രമസമാധാന പരിപാലനത്തിന് ആവശ്യമായ ഇന്ധനച്ചെലവ് അനുസരിച്ചാണ് തുക അനുവദിക്കുന്നത്.

(സി & ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പോലീസ് സേനയിലെ ആംഡ് റിസർവ് വിഭാഗം

118 (1053) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിലെ ജില്ലാ ആംഡ് റിസർവ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന 417 ഹെഡ്കോൺസ്റ്റബിൾ തസ്തികകൾ ഇല്ലാതാക്കി ലോക്കൽ വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ടോ ; എങ്കിൽ കാരണമെന്ത് ;

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly